**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 21** **05-12-2022 - ൽ മറുപടിയ്ക്ക്**

**സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ആർ.എസ്.ബി.വൈ ഇൻഷ്വറൻസ് ലഭ്യമല്ലാത്ത പൊതുജനങ്ങൾക്ക് മെഡിസെപ് മാതൃകയിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് ആലോചനയിലുണ്ടോ; വിശദീകരിക്കാമോ; | (എ) | **2019 ഏപ്രിൽ മാസം മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കേരള സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. അന്നേവരെ നിലവിൽ ഉണ്ടായിരുന്ന RSBY, CHIS, CHIS PLUS എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് (KASP) അഥവാ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചത്. ഈ പദ്ധതിയിൽ വിവിധ സ്പെഷ്യാലിറ്റി കളിലായി അനവധി ചികിൽസാ പാക്കേജുകൾ നിലവിലുണ്ട്. 2018-19 കാലഘട്ടത്തിൽ RSBY കാർഡ് പുതുക്കിയവർ, 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ എന്നിവർ ഈ പദ്ധതി യുടെ ഗുണഭോക്താക്കളാണ്. ഒരു കാർഡിലെ കുടുംബാംഗങ്ങൾക്ക് ഒരു വർഷം 5 ലക്ഷം (അഞ്ച് ലക്ഷം) രൂപയുടെ ചികിത്സ സഹായമാണ് നൽകി വരുന്നത്. നിലവിൽ 41.8 ലക്ഷം പേർ ഈ പദ്ധതിയിൽ ഗുണഭോക്താക്കളാണ്. ഇതു കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്തവർക്കായി എ പി എൽ / ബി പി എൽ വ്യത്യാസമില്ലാതെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് വഴി 2 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം വരെയുള്ള ചികിത്സാ ആനുകൂല്യവും നൽകി വരുന്നു. KASP-ൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയി ട്ടുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്. നിലവിൽ ആരോഗ്യപരിരക്ഷ ലഭ്യമല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നും അവർക്കുകൂടി പദ്ധതി ഏർപ്പെടുത്താൻ കഴിയുമോ എന്നതും സർക്കാർ പരിശോധിച്ചു വരുന്നുണ്ട്.** |
| (ബി) | ബി.പി.എൽ. കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ | (ബി) | **2019 ഏപ്രിൽ മാസം മുതൽ കാരുണ്യ ആരോഗ്യ** |

| | | | |
|---|---|---|---|
| | ദുരിതാശ്വാസ നിധിയിൽ നിന്നും വിഹിതം നല്കിയും എ.പി.എൽ. കുടുംബങ്ങൾക്ക് സ്വന്തം നിലയിൽ വരിസംഖ്യ അടച്ചും പദ്ധതി നടപ്പാക്കുന്നത് പ്രയോജനകരമാണെന്ന്കരുതുന്നുണ്ടോ; വിശദമാക്കാമോ? | | **സുരക്ഷാ പദ്ധതി കേരള സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. അന്നേവരെ നിലവിൽ ഉണ്ടായിരുന്ന RSBY, CHIS, CHIS PLUS എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് (KASP) അഥവാ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചത്. ഈ പദ്ധതിയിൽ വിവിധ സ്പെഷ്യാലിറ്റി കളിലായി അനവധി ചികിൽസാ പാക്കേജുകൾ നിലവിലുണ്ട്. 2018-19 കാലഘട്ടത്തിൽ RSBY കാർഡ് പുതുക്കിയവർ, 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ എന്നിവർ ഈ പദ്ധതി യുടെ ഗുണഭോക്താക്കളാണ്. ഒരു കാർഡിലെ കുടുംബാംഗങ്ങൾക്ക് ഒരു വർഷം 5 ലക്ഷം (അഞ്ച് ലക്ഷം) രൂപയുടെ ചികിത്സ സഹായമാണ് നൽകി വരുന്നത്. നിലവിൽ 41.8 ലക്ഷം പേർ ഈ പദ്ധതിയിൽ ഗുണഭോക്താക്കളാണ്. ഇതു കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്തവർക്കായി എ പി എൽ / ബി പി എൽ വ്യത്യാസമില്ലാതെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് വഴി 2 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം വരെയുള്ള ചികിത്സാ ആനുകൂല്യവും നൽകി വരുന്നു. KASP-ൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയി ട്ടുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്. നിലവിൽ ആരോഗ്യപരിരക്ഷ ലഭ്യമല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നും അവർക്കുകൂടി പദ്ധതി ഏർപ്പെടുത്താൻ കഴിയുമോ എന്നതും സർക്കാർ പരിശോധിച്ചു വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ